# ഭാരതീയ ജനതാ പാർട്ടി

(കേന്ദ്രീയ ഓഫീസ്)

11, അശോകാ റോഡ്, ന്യൂദൽഹി- 110001

ഫോൺ: 23005700, ഫാക്സ്: 23005787

**ഫെബ്രുവരി 28, 2014**

## ബി.ജെ.പി ദേശീയ വക്താവും എം.പി.യുമായി ശ്രീ. പ്രകാശ് ജാവ്ദേകറുടെ പ്രസ്താവന

1. ബി.ജെ.പി.യുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ ശ്രീ. നരേന്ദ്രമോദി അവതരിപ്പിച്ച സാമ്പത്തിക കാഴ്ചപ്പാടിന്മേൽ കോൺഗ്രസ്സുമായി ഒരു തുറന്ന സംവാദത്തിന് ബി.ജെ.പി. വെല്ലുവിളിക്കുന്നു. സാധാരണഗതിയിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ദൗർബല്യങ്ങൾ കണ്ടുപിടിക്കാൻ ആകാംക്ഷയുള്ള കോൺഗ്രസ്, നരേന്ദ്രമോദി വ്യക്തമായി അവതരിപ്പിച്ച പ്രസംഗത്തിനുശേഷം നിശ്ശബ്ദരായി.

സമ്പദ്വ്യവസ്ഥയുടെ തിരിച്ചുവരവിനുവേണ്ടി അദ്ദേഹം പല ആശയങ്ങളും അവതരിപ്പിക്കുക യുണ്ടായി. ഉറച്ച ഭരണത്തിനും നിക്ഷേപവർദ്ധനവിനും വിശ്വാസം വേണ്ടപ്പെട്ട ഘടകമാണ്. പെട്ടെന്നുള്ള തീരുമാനങ്ങൾ സദ്ഭരണരീതിയെ പ്രകടിപ്പിക്കുന്നു. നയപ്രഖ്യാപനത്തെക്കാൾ വളരെ പ്രാധാന്യമാണ് നയരൂപീകരണം. വികസനം ജനങ്ങളുടെ യജ്ഞമാക്കി മാറ്റണം. സാങ്കേതികവൈദഗ്ദ്ധ്യ രംഗത്തും അടിസ്ഥാന വികസനരംഗത്തും പൊതുനിക്ഷേപം നടത്തുക വഴി തൊഴിൽസാദ്ധ്യത സൃഷ്ടിക്കണം. ജനാധിപത്യം-ജനസംഖ്യാപഠനം-ചോദനം എന്നിവ വഴി നേട്ടം കൈവരിക്കണം.

ഡൽഹിയിൽ വച്ച് ഈ മൂന്നു പ്രസ്താവനകൾ നൽകുകവഴി അദ്ദേഹം യു.പി.എ. സർക്കാരിന്റെ പരാജയപ്രശ്നങ്ങളുടെ മേൽ ശ്രദ്ധ തിരിച്ചുവിട്ടു. അദ്ദേഹത്തിന്റെ പ്രസ്താവനകളെ ഒരു വെല്ലുവിളിയായി സ്വീകരിച്ച് കോൺഗ്രസ് ചർച്ചയ്ക്ക് തയ്യാറാകണം.

2. പത്തുമാസങ്ങൾക്കിടയിൽ നാവികസേനാരംഗത്തുണ്ടായ പത്ത് അപകടങ്ങൾ സേനയുടെ സൽപ്പേരിനെ ബാധിക്കുകയുണ്ടായി. യു.പി.എ. സർക്കാരിന്റെ പ്രതിരോധസേനയോടുള്ള നിരന്തരമായ അവഗണനയാണ് ഈ മോശമായ അവസ്ഥയ്ക്കു കാരണം. ഇതിന്റെ പശ്ചാത്തലത്തിൽ നാവികസേനാമേധാവി രാജിവച്ചുകഴിഞ്ഞു. അദ്ദേഹം ഈ സംഭവത്തിൽ ദുഃഖിതനാണെന്ന് പ്രതിരോധമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ ദുഃഖസംഭവത്തിന്റെ പ്രധാനി പ്രതിരോധമന്ത്രി തന്നെയാണ്. ദേശത്തിന്റെ ജീവനും സ്വത്തിനും നഷ്ടമുണ്ടായതിൽ പ്രതിരോധമന്ത്രിക്കും പ്രധാനമന്ത്രിക്കും ദുഃഖമില്ലേ എന്നാണ് രാജ്യമൊട്ടാകെ ഉയർന്നുവരുന്ന ചോദ്യം. അതുകൊണ്ട് ഈ സംഭവത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രതിരോധമന്ത്രി രാജിവയ്ക്കണം. ഈ അവസരത്തിൽ ബി.ജെ.പി. മരണമടഞ്ഞ ധീരരായ നാവിക സേനാ ഉദ്യോഗസ്ഥരുടെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

പ്രതിരോധവകുപ്പിനു വേണ്ടിയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള ചർച്ചയനുസരിച്ച് നേവിക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിൽ അവഗണന നടന്നു എന്നത് വ്യക്തമാണ്. നമ്മുടെ അന്തർവാഹിനികളിൽ ഭൂരിഭാഗവും വളരെ പഴക്കമേറിയതും ശോചനീയാവസ്ഥയിലുള്ളതും കാൽനൂറ്റാണ്ടിനു മുമ്പ് നമുക്ക് ലഭ്യമായവയുമാണ്. ഇവയ്ക്കു പകരം സ്കോർപിൻ അന്തർവാഹിനികൾ വാങ്ങണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, സ്കോർപ്പിൻ പ്രോഗ്രാം പ്രാവർത്തികമാക്കുന്നതിനും സമയത്തിന് അവ ലഭ്യമാക്കുന്നതിനും ഇതുവരെ കഴിഞ്ഞിട്ടില്ല. പല അവസരങ്ങളിലും അത്യാവശ്യമായിട്ടുള്ള അറ്റകുറ്റപ്പണികൾക്കും മറ്റും വേണ്ടിവരുന്ന ഫണ്ടുകളുടെ ലഭ്യത നാവികസേനയ്ക്കില്ല. ഈ അടുത്തകാലത്തുണ്ടായ 'സിന്ധുരത്ന അപകടം കരാറുകൾ പരിപാലിച്ച് ബാറ്ററികൾ മാറ്റാൻ കഴിയാത്തതുമൂലമുണ്ടായതാണ്. 2008-09, 2010-11 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകളിന്മേലുണ്ടായ ന്യൂനതകൾ സി.എ.ജി. വ്യക്തമാക്കിയിട്ടുണ്ട്.

**(അരുൺ കുമാർ ജെയിൻ)**
**ഓഫീസ് സെക്രട്ടറി**